പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 200

# 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 200

# 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ

581/2024

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 200

# 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ

1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ്

വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റ് (1968-ലെ 15) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "ബോട്ട്-ഇൻ-ലാൻഡ്" എന്നാൽ ഈ ആക്റ്റിന്റെ 50-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ സർക്കാർ വാങ്ങിയ ഏതെങ്കിലും സ്ഥാവര വസ്തു എന്ന് അർത്ഥമാകുന്നതും അതിൽ അവ ഉൾപെടുന്നതും ആകുന്ന ;

(ബിബി) "കളക്ഷൻ ചാർജ്ജുകൾ" എന്നാൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു കീഴിലുള്ള തുക വസൂലാക്കുന്നതിനായി സർക്കാർ നിർണ്ണയിക്കുന്ന അത്തരം നിരക്കിൽ, വീഴ്ചക്കാരൻ സർക്കാരിന് ഒടുക്കേണ്ട ഏതെങ്കിലും തുക എന്ന് അർത്ഥമാകുന്നതും അതിൽ അവ ഉൾപ്പെടുന്നതുമാകുന്നു;";

(ii) (ഡി) ഖണ്ഡത്തിന്റെ ഇനം (ii)-ൽ "ഉണ്ടാകുന്ന ചിലവുകളും" എന്ന വാക്കുകൾക്കുശേഷം, "നോട്ടീസ് നടത്തിപ്പിന്റെ തപാൽക്കൂലിയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (എഫ്) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഫ്എ) "ഇ-ഓക്ഷൻ" എന്നാൽ ഓൺലൈൻ വഴി നടത്തുന്ന ലേലം എന്ന് അർത്ഥമാകുന്നു;";

(iv) (ഐ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ഐഎ) "പ്രോസസ്സിംഗ് ചാർജ്ജ്" എന്നാൽ നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചതിനു ശേഷം അർത്ഥനാധികാരി നേരിട്ട് കുടിശ്ശിക വസൂലാക്കുന്ന സാഹചര്യങ്ങളിൽ, സർക്കാർ നിർണ്ണയിക്കപ്പെടുന്ന അത്തരം നിരക്കിൽ, ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനം സർക്കാരിലേക്ക് ഒടുക്കേണ്ടതായ തുക എന്നർത്ഥമാകുന്നു.".

3. <u>6-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 6-ാം വകുപ്പിൽ,—

(i) "പന്ത്രണ്ട് ശതമാനം" എന്ന വാക്കുകൾക്ക് പകരം, "ഒൻപത് ശതമാനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) നിലവിലുള്ള വ്യവസ്ഥയ്ക്കു ശേഷം, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിന്റെ അപേക്ഷയിൻമേൽ വസൂലാക്കൽ നടപടികൾ ആരംഭിക്കുന്ന സംഗതികളിൽ, വീഴ്ചക്കാരനും സ്ഥാപനവും തമ്മിൽ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുള്ള പക്ഷം, അത്തരം പലിശ, കരാറിലുള്ള പലിശ നിരക്കിൽ കവിയാൻ പാടുള്ളതല്ല.".

4. <u>12-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "പൊതു ലേലത്തിൽ വിൽക്കാവുന്നതാണ്" എന്ന വാക്കുകൾക്ക് പകരം, "ഇ-ഓക്ഷൻ ഉൾപ്പടെയുള്ള പൊതുലേലത്തിൽ വിൽക്കാവുന്നതാണ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) "നോട്ടീസിന്റെ ഒരു പ്രതിയും കൂടി പരസ്യപ്പെടുത്തേണ്ടതാണ്." എന്ന വാക്യത്തിനു പകരം, "വസ്തു സംബന്ധിച്ച് പട്ടികയുടെയോ വിവരപട്ടികയുടെയോ പകർപ്പും നോട്ടീസിന്റെ പകർപ്പും കൂടി ജപ്തിയോ വിൽപനയോ നടക്കുന്ന പ്രദേശത്തും അല്ലെങ്കിൽ രണ്ടിടത്തിലും ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്." എന്ന വാക്യം ചേർക്കേണ്ടതാണ്.

5. <u>36-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 36-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ്കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(3) സ്ഥാവര വസ്തുക്കളുടെ ജപ്തി കുടിശ്ശിക തുകയ്ക്ക് ആനുപാതികമായിരിക്കേണ്ടതാണ്. 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരെൻസി ഇൻ-ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് ആക്റ്റ് (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) 26-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡവും, 27, 28, 29 എന്നീ വകുപ്പുകളുടെ വ്യവസ്ഥകൾക്കും അനുസൃതമായി കളക്ടർ വസ്തുവിന്റെ മൂല്യം നിശ്ചയിക്കേണ്ടതാണ്." .

6. <u>44-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 44-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വീഴ്ചക്കാരനും വസ്തു വാങ്ങുന്ന ആളും സംയുക്തമായി സമർപ്പിക്കുന്ന അപേക്ഷയിൽ, കളക്ടറിൽ നിന്ന് അനുമതി ലഭിച്ചതിന് ശേഷം, ജപ്തി ചെയ്തിരിക്കുന്ന സ്ഥാവര വസ്തു പൂർണ്ണമായോ ഭാഗികമായോ വിൽക്കുന്നതിനുള്ള കരാർ ഉണ്ടാക്കാൻ വീഴ്ക്കാരനെ അനുവദിക്കാവുന്നതാണ്. വാങ്ങുന്ന ആൾ തീറാധാരത്തിൽ എർപ്പെടുന്നതിനു മുൻപ്, പ്രസ്തുത കരാർ പ്രകാരമുള്ള വിൽപന പ്രതിഫലത്തിൽ നിന്ന് പലിശ സഹിതമുള്ള നികുതി കുടിശ്ശികയും മറ്റ് ചാർജ്ജുകളും വില്ലേജ് ഓഫീസിലോ ട്രഷറിയിലോ ചലാൻ മുഖേന അടയ്ക്കേണ്ടതും അസ്സൽ രസീത് കളക്ടർ മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.".

7. <u>49-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "പൊതു ലേലത്തിൽ." എന്ന വാക്കുകൾക്ക് പകരം, "ഇ-ഓക്ഷൻ ഉൾപ്പടെയുള്ള പൊതു ലേലത്തിൽ" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ii) (2)-ാം ഇനത്തിൽ (vi)-ാം ഉപഇനത്തിൽ "നോട്ടീസ്, വില്പനത്തീയതിക്കു മുപ്പത് ദിവസം മുമ്പെങ്കിലും യഥാവിധി നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം, "നോട്ടീസ്, വില്പനത്തീയതിക്കു മുപ്പത് ദിവസം മുമ്പെങ്കിലും യഥാവിധി നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതും, ജപ്തിയോ വിൽപ്പനയോ നടക്കുന്ന പ്രദേശത്തിലും അല്ലെങ്കിൽ രണ്ടിടത്തിലും പ്രചാരമുള്ള ഒരു പത്രത്തിലും ബന്ധപ്പെട്ട ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുമാകുന്നു" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

8. <u>50-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിന്റെ 50-ാം വകുപ്പിൽ,—

(1) മാർജിനൽ ശീർഷകത്തിനു പകരം താഴെപറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"ഗവൺമെന്റിനു അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനു വേണ്ടി ലേലം വിളിക്കൽ";

(2) (2)-ാം ഉപവകുപ്പിൽ,—

(എ) (i) ഇനത്തിൽ, "ഗവൺമെന്റിനു വേണ്ടി ആ വസ്തു പത്ത് പൈസയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "ഗവൺമെന്റിനോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി ആ വസ്തു ഒരു രൂപയ്ക്ക്" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്;

(ബി) (ii) ഇനത്തിൽ,—

(i) "ഗവൺമെന്റിനുവേണ്ടി, അങ്ങനെയുള്ള ലേലത്തുകയെക്കാൾ പത്ത് പൈസ" എന്ന വാക്കുകൾക്കും ചിഹ്നത്തിനും പകരം, "ഗവൺമെന്റിനോ അല്ലെങ്കിൽ, അതതു സംഗതിപോലെ, ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി അങ്ങനെയുള്ള ലേലത്തുകയെക്കാൾ ഒരു രൂപ" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കവും ചേർക്കേണ്ടതാണ്;

(ii) "ഗവൺമെന്റ്" എന്ന വാക്കിനുശേഷം, "അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനം" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിൽ, "ഗവൺമെന്റിനു വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഗവൺമെന്റിനോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി" എന്ന വാക്കുകളും ചിഹ്നവും അക്കവും ചേർക്കേണ്ടതാണ്;

(4) (4)-ാം ഉപവകുപ്പിൽ, —

(എ) "ഗവൺമെന്റിനു വേണ്ടി" എന്ന വാക്കുകൾക്ക് പകരം, "ഗവൺമെന്റിനോ അല്ലെങ്കിൽ ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ വേണ്ടി" എന്ന വാക്കുകളും അക്കവും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) "വസ്തു കൈവശപ്പെടുത്തേണ്ടതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം, "വസ്തു കൈവശപ്പെടുത്തേണ്ടതും ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനു വേണ്ടിയാണ് ഈ വകുപ്പിന് കീഴിൽ വസ്തു വാങ്ങിയതെങ്കിൽ, കളക്ഷൻ ചാർജ്ജുകളും പ്രോസസ്സിംഗ് ചാർജ്ജും അത്തരം സ്ഥാപനത്തിൽ നിന്ന് ഈടാക്കിയതിനുശേഷം വസ്തുവിന്റെ കൈവശാവകാശം ആ സ്ഥാപനത്തിനു കൈമാറേണ്ടതും, റവന്യൂ രേഖകളിൽ ഉചിതമായ മാറ്റങ്ങൾ വരുത്തേണ്ടതുമാകുന്നു" എന്ന വാക്കുകളും അക്കവും ചിഹ്നങ്ങളും ചേർക്കേണ്ടതാണ് ;

(5) (4)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(5) ഒരു വസ്തു ബോട്ട്-ഇൻ-ലാന്റായി ഏറ്റെടുക്കുമ്പോൾ, വില്ലേജ് രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും, ആയത് നിർദ്ദിഷ്ട ഫാറത്തിൽ വീഴ്ച ക്കാരനെയും ബന്ധപ്പെട്ട സബ്-രജിസ്ട്രാർ ഓഫീസിലും അറിയിക്കേണ്ടതുമാണ്.

(6) ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിനു വേണ്ടിയോ ഗവൺമെന്റിനു വേണ്ടിയോ ഒരു സ്ഥാവരവസ്തു വാങ്ങുമ്പോൾ, കളക്ടർ വസ്തുവിന്റെ വില നിശ്ചയിക്കേണ്ടതും ആയത് ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനോ ഗവൺമെന്റിനോ കിട്ടാനുള്ള മൊത്തം തുകയും കുടിശ്ശികയും അതിന്റെ പലിശയും മറ്റു ചാർജ്ജുകളും അതിൽ നിന്ന് കിഴിവ് ചെയ്യേണ്ടതുമാണ്. 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരെൻസി ഇൻ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ-സെറ്റിൽമെന്റ് ആക്റ്റ് (2013-ലെ 30-ാം കേന്ദ്ര ആക്റ്റ്) 26-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡവും, 27, 28, 29 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്കും അനുസൃതമായി കളക്ടർ വസ്തുവിന്റെ വില നിശ്ചയിക്കേണ്ടതാണ്.".

9. 50 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"50 എ. ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകൽ.—(1) വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ, ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകാൻ വീഴ്ചക്കാരൻ അപേക്ഷിച്ചാൽ, കളക്ടറുടെ അനുമതിയോടുകൂടി, അപേക്ഷിക്കുന്ന തീയതി വരെയുള്ള പ്രോസസ്സിംഗ് ചാർജ്ജും പലിശയും ഉൾപ്പെടെയുള്ള മുഴുവൻ നികുതി കുടിശ്ശികയും ഒടുക്കിയതിനു ശേഷം കളക്ടർ, അപ്രകാരം പണമടച്ചതിന്റെ യഥാർത്ഥ രസീത് അല്ലെങ്കിൽ ട്രഷറി ചലാൻ സ്വീകരിച്ച് കുടിശ്ശിക പൂർണ്ണമായി ഈടാക്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ, അത്തരത്തിലുള്ള ബോട്ട്-ഇൻ-ലാൻഡ് വീഴ്ചക്കാരനു അനുകൂലമായി തിരികെ നല്കാൻ ഉത്തരവ് നൽകേണ്ടതാണ്. 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനത്തിനു വേണ്ടിയാണ് വസ്തു ബോട്ട്-ഇൻ-ലാൻഡ് ആയി വാങ്ങുന്ന സംഗതികളിൽ, വില്പന സ്ഥിരീകരിച്ച തീയതി മുതൽ അഞ്ച് വർഷക്കാലയളവിനുള്ളിൽ, അപേക്ഷിക്കുന്ന തീയതി വരെയുള്ള മുഴുവൻ നികുതി കുടിശ്ശികയും പലിശയും പ്രോസസ്സിംഗ് ചാർജ്ജും ഉൾപ്പെടെയുള്ളവ ഒടുക്കിയതിനുശേഷം വീഴ്ച്ക്കാരൻ ബോട്ട്-ഇൻ-ലാൻഡ് മടക്കി ലഭിക്കാൻ അപേക്ഷിച്ചാൽ, ബന്ധപ്പെട്ട സ്ഥാപനത്തിനു ബോധ്യപ്പെടുന്ന പക്ഷം, കളക്ടറുടെ അനുമതിയോടെ ബോട്ട്-ഇൻ-ലാൻഡ് വീഴ്ചകാരനു തിരികെ നൽകാവുന്നതാണ്.

(2) ബോട്ട്-ഇൻ-ലാൻഡ് വസ്തുവിന്റെ അത്തരം വിൽപ്പന സ്ഥിരീകരിച്ച് തീയതി മുതൽ അഞ്ച് വർഷത്തിനു ശേഷം ആയത് തിരികെ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള യാതൊരു അപേക്ഷയും പരിഗണിക്കുവാൻ പാടുള്ളതല്ല.

(3) സർക്കാരോ അല്ലെങ്കിൽ ഈ ആക്റ്റിലെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമോ പ്രസ്തുത അഞ്ച് വർഷക്കാലത്തേക്ക് വസ്തു കൈമാറ്റം ചെയ്യുവാനോ പൊതു ആവശ്യത്തിലേയ്ക്ക് നീക്കി വയ്ക്കുവാനോ പാടില്ലാത്തതും, അത്തരം കാലയളവിൽ വസ്തുവിൽ യാതൊരു മാറ്റവും വരുത്തുവാൻ പാടില്ലാത്തതുമാണ്.” .

10. 54-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 54-ാം വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, “കളക്ടർക്ക് കാരണമുണ്ടായിരിക്കുന്നപക്ഷം അദ്ദേഹത്തിന് ” എന്ന വാക്കുകൾക്ക് പകരം “കളക്ടർക്ക് കാരണമുണ്ടായിരിക്കുന്നപക്ഷം അദ്ദേഹം, കേൾക്കാനുള്ള ന്യായമായ അവസരം ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിക്കൊണ്ടും” എന്ന വാക്കും ചിഹ്നവും ചേർക്കേണ്ടതാണ്.

11. 57-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 57-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകിയ വിൽപന സർട്ടിഫിക്കറ്റ് 1908-ലെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റിലെ (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതാണ്." .

12. 69-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, "ആ ജില്ലയിലെ കളക്ടർക്ക്" എന്ന വാക്കുകൾക്ക് ശേഷം, "1963-ലെ കാലഹരണ ആക്റ്റിൻ (1963-ലെ 36-ാം കേന്ദ്ര ആക്റ്റ്) കീഴിൽ കടം കാലഹരണപ്പെടുന്നതിന് മുൻപ്" എന്ന വാക്കുകളും ചിഹ്നങ്ങളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

13. 74-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 74-ാം വകുപ്പിൽ, —

(1) (എ) ഇനത്തിൽ "പുരുഷന്" എന്ന വാക്കിന് പകരം "അംഗത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(2) (ബി) ഇനത്തിൽ "തപാൽ മൂലമോ ആയിരിക്കേണ്ടതാകുന്നു" എന്ന വാക്കുകൾക്ക് പകരം, "തപാൽ മൂലമോ, അല്ലെങ്കിൽ ഇ-മെയിൽ വഴിയോ ആയിരിക്കേണ്ടതാകുന്നു." എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

14. 83 എ, 83 ബി, 83 സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 83-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"83 എ. സ്റ്റേയും ഗഡുക്കളും അനുവദിക്കാനുള്ള സർക്കാരിന്റെ പ്രത്യേക അധികാരം.—ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെയടങ്ങിയിരുന്നാലും, 7-ാം വകുപ്പിൻ കീഴിലോ 34-ാം വകുപ്പിൻ കീഴിലോ ഒരു ഡിമാന്റ് നോട്ടീസ് നൽകിയ ശേഷം, വീഴ്ചക്കാരന്റെ അപേക്ഷയിൻമേൽ, സർക്കാരിന്, ഈ ആക്റ്റിൻ കീഴിലുള്ള തുടർനടപടികൾ ഒരു വർഷത്തിൽ കവിയാത്ത ഒരു നിശ്ചിതകാലയളവിലേക്ക് നീട്ടിവയ്ക്കാവുന്നതും, സർക്കാരിനോ സർക്കാർ യഥാവിധി അധികാരപ്പെടുത്തിയ അത്തരം മറ്റ് ഉദ്യോഗസ്ഥർക്കോ സർക്കാർ നിർണ്ണയിക്കുന്ന പ്രകാരമുള്ള മറ്റ് നിബന്ധനകൾക്ക് വിധേയമായി 1923-ലെ തൊഴിലാളികളുടെ നഷ്ടപരിഹാരം ആക്റ്റിൻ (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള നഷ്ടപരിഹാര

സംഗതികളും ഏതെങ്കിലും കോടതികളുടെയോ ട്രിബ്യൂണലുകളുടെയോ ഉത്തരവ് പാലിക്കുന്നതിന്റെ ഭാഗമായി നൽകേണ്ട ഗ്രാറ്റുവിറ്റി ആനുകൂല്യതുകകളോ ഒഴികെയുള്ള അത്തരം കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കാൻ അനുവദിക്കാവുന്നതാണ്.

83 ബി. മൊറട്ടോറിയം അനുവദിക്കാനുള്ള സർക്കാരിന്റെ അധികാരം.—ഈ ആക്ടിൽ എന്തുതന്നെയടങ്ങിയിരുന്നാലും സർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിച്ചേക്കാവുന്ന നിബന്ധനകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി ഒരു നിശ്ചിത കാലയളവിലേക്ക് മുഴുവൻ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്കും മൊറട്ടോറിയം അനുവദിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

83 സി. തീർപ്പാക്കൽ പദ്ധതി.—സർക്കാരിനോ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ അർത്ഥനാധികാരിക്കോ കുടിശ്ശിക വസൂലാക്കുന്നതിനായി ഈ ആക്ടിലെ 50 എ വകുപ്പിന് കീഴിലുള്ള നിർദ്ദിഷ്ട കാലയളവിന് മുമ്പായി ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകുന്നതിനായുള്ള തീർപ്പാക്കൽ പദ്ധതി ആരംഭിക്കാവുന്നതാണ്. നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ച ശേഷം, വീഴ്ചക്കാരനും അർത്ഥനാധികാരിയും തമ്മിൽ ഏർപ്പെടുന്ന തീർപ്പാക്കൽ കളക്ടറേയോ ബന്ധപ്പെട്ട അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനേയോ മുൻകൂട്ടി അറിയിച്ചുകൊണ്ട് നടത്തേണ്ടതാണ്:

എന്നാൽ, ഈ തീർപ്പാക്കൽ പദ്ധതിയുടെ കീഴിൽ കുടിശ്ശിക തീർപ്പാക്കുന്ന അത്തരം സന്ദർഭങ്ങളിൽ, അത്തരം തീർപ്പാക്കൽ തീയതി വരെയുള്ള വസൂലാക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി വന്നിട്ടുള്ള ചെലവുകൾ 2-ാം വകുപ്പ് (ഐഎ) ഖണ്ഡത്തിൽ നിർണ്ണയിച്ച പ്രകാരമുള്ള പ്രോസസ്സിംഗ് ചാർജ്ജുകൾ ഉൾപ്പടെ കളക്ടർ മുമ്പാകെ ബന്ധപ്പെട്ട അർത്ഥനാധികാരി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കളക്ഷൻ ചാർജ്ജും, പ്രോസസ്സിംഗ് ചാർജ്ജും, ബോട്ട്-ഇൻ-ലാൻഡും അത് തിരികെ നൽകലും സംബന്ധിച്ച് 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിലെ (1968-ലെ 15), ചില വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് സർക്കാരിന് ചില പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ആക്റ്റിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം ഇ-ഓക്ഷൻ, നോട്ടീസ് നൽകുന്നതിന് ഇ-മെയിൽ പോലുള്ള ആധുനിക സംവിധാനങ്ങൾ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. സർക്കാരിന് സ്റ്റേ അനുവദിക്കുന്നതിനോ, കുടിശ്ശികകൾക്ക് ഗഡുക്കൾ അനുവദിക്കുന്നതിനോ, മൊറട്ടോറിയം അനുവദിക്കുന്നതിനോ, നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചശേഷം വസ്തു വിൽക്കുന്നതിന് വീഴ്ചക്കാരനെ അനുവദിക്കുന്നതിനോ അധികാരപ്പെടുത്തും വിധത്തിൽ ആക്റ്റിൽ വ്യവസ്ഥയില്ലാത്തതാണ്. വീഴ്ചക്കാരൻ മുഴുവൻ

കുടിശ്ശികയും അതുമായി ബന്ധപ്പെട്ട ചാർജ്ജുകളും തീർപ്പാക്കുന്നപക്ഷം സർക്കാരോ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനമോ ബോട്ട്-ഇൻ-ലാൻഡ് ആയി വാങ്ങിയിട്ടുള്ള വസ്തു അഞ്ച് വർഷക്കാലയളവിനുള്ളിൽ തിരികെ നൽകുന്നതിനും വ്യവസ്ഥ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്.

മേൽ പ്രസ്താവിച്ച ആവശ്യങ്ങൾക്കായി വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും കളക്ടറുടെ അനുമതിയോടെ വസ്തു വിൽപ്പന നടത്തുന്നതിന് വീഴ്ചക്കാരനെ പ്രാപ്തമാക്കും വിധവും ആക്റ്റിൽ ഉചിതമായ ഭേദഗതികൾ വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 2-ാം വകുപ്പിന്റെ (ബിബി) ഖണ്ഡം, വീഴ്ചക്കാരൻ സർക്കാരിന് നൽകേണ്ട കളക്ഷൻ ചാർജ്ജിന്റെ നിരക്ക് നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 2-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 2-ാം വകുപ്പിന്റെ (ഐഎ) ഖണ്ഡം, ഈ ആക്റ്റിന്റെ 71-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനം സർക്കാരിന് അടയ്ക്കേണ്ട പ്രോസസ്സിംഗ് ചാർജ്ജിന്റെ നിരക്ക് നിശ്ചയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 8-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 50-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ഒരു വസ്തു ബോട്ട്-ഇൻ-ലാന്റായി ഏറ്റെടുക്കുമ്പോൾ, വില്ലേജ് രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച വീഴ്ചക്കാരനെയും സബ്-രജിസ്ട്രാർ ഓഫീസിലും അറിയിക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 14-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 83 എ വകുപ്പ്, നികുതി കുടിശ്ശികകൾ ഗഡുക്കളായി ഒടുക്കുവാനുള്ള നിബന്ധനകൾ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ബില്ലിലെ 14-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന 83 ബി വകുപ്പ്, മുഴുവൻ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾക്ക് മൊറട്ടോറിയം അനുവദിക്കുവാനുള്ള നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോട് കൂടിയവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള വിജ്ഞാപനങ്ങളും ചട്ടങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. രാജൻ.

(ശരിത്തർജ്ജമ)

# 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1968-ലെ 15-ാം ആക്റ്റ്)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്തപക്ഷം, —

** ** ** **

(ബി) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള 'അധികൃത ഉദ്യോഗസ്ഥൻ' എന്നാൽ ആ വ്യവസ്ഥപ്രകാരം കളക്ടറുടെ അധികാരങ്ങൾ വിനിയോഗിക്കുകയോ അഥവാ പ്രവൃത്തികൾ നടത്തുകയോ ചെയ്യുന്നതിന് 73-ാം വകുപ്പു പ്രകാരം കളക്ടർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

** ** ** **

(ഡി) 'നടപടി ചെലവ്', — എന്നതിൽ,

** ** ** **

(ii) ഏതെങ്കിലും വസ്തു ജപ്തി ചെയ്യുന്നതു സംബന്ധിച്ചും ജപ്തിചെയ്യുന്ന ഏതെങ്കിലും വസ്തു നീക്കം ചെയ്തു, സംഭരിച്ചുവയ്ക്കുക, സൂക്ഷിക്കുക എന്നിവ സംബന്ധിച്ചും ഉണ്ടാകുന്ന ചെലവുകളും.

** ** ** **

(എഫ്) 'ജില്ലാ കളക്ടർ' അഥവാ 'ജില്ലയിലെ കളക്ടർ' എന്നാൽ ഒരു ജില്ലയിലെ റവന്യൂ ഭരണത്തിന്റെ ചാർജ്ജുവഹിക്കുന്ന പ്രധാന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നതും, ആക്റ്റിങ്ങോ അഥവാ ഒഫീഷിയേറ്റിങ്ങോ ആയ ജില്ലാ കളക്ടർ അതിൽ ഉൾപ്പെടുന്നതുമാകുന്നു;

** ** ** **

(ഐ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

** ** ** **

6. ഭൂമിയിൽ നിന്ന് ഈടാകേണ്ട പൊതു നികുതിക്കുടിശ്ശികയിന്മേലുള്ള പലിശ.—ഭൂമിയിൽ നിന്ന് ഈടാകേണ്ട പൊതുനികുതിക്കുടിശ്ശികയ്ക്കു ആണ്ടിൽ പന്ത്രണ്ടു ശതമാനം നിരക്കിലോ അഥവാ ഗവൺമെന്റ് അതതു സമയം ഗസറ്റിൽ പരസ്യപ്പെടുത്താവുന്ന മറ്റു നിരക്കിലോ പലിശ ഉണ്ടായിരിക്കുന്നതാണ്.

** ** ** **

12. ജപ്തിചെയ്ത വസ്തുവിന്റെ വിൽപ്പന.—(1) ജപ്തിചെയ്ത വസ്തു (2)-ഉം, (3)-ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി പൊതുലേലത്തിൽ വിൽക്കാവുന്നതാണ്. വിൽക്കേണ്ട വസ്തുസംബന്ധിച്ച ലിസ്റ്റിന്റെയോ പട്ടികയുടെയോ ഒരു പ്രതി കളക്ടറുടെയോ അധികൃത ഉദ്യോഗസ്ഥന്റെയോ കൈയ്യൊപ്പുള്ളതും, വസ്തുവിൽക്കുന്ന സ്ഥലവും ദിവസവും സമയവും വസ്തു വിൽക്കുന്ന ആളുടെ പേരും പ്രത്യേകം പറഞ്ഞിട്ടുള്ളതായ ഒരു നോട്ടീസ് സഹിതം വീഴ്ചക്കാരന്റെമേൽ നടത്തേണ്ടതാണ്. വസ്തു സംബന്ധിച്ച ലിസ്റ്റിന്റെയോ പട്ടികയുടെയോ ഒരു പ്രതിയും നോട്ടീസിന്റെ ഒരു പ്രതിയും കൂടി പരസ്യപ്പെടുത്തേണ്ടതാണ്.

** ** ** **

36. ജപ്തിചെയ്യുന്ന രീതി.—(1) ജപ്തി ചെയ്യാനുള്ള സ്ഥാവരവസ്തുവിൽ എല്ലാവരും കാണത്തക്കവണ്ണമുള്ള ഏതെങ്കിലും ഭാഗത്ത്, ജപ്തി സംബന്ധിച്ച നോട്ടീസ് പതിക്കുകയും ഒരു പ്രതി വീഴ്ചക്കാരന്റെമേൽ നടത്തുകയും ചെയ്തുകൊണ്ട് ജപ്തി നടത്തേണ്ടതാണ്. ജപ്തി സംബന്ധിച്ച് നോട്ടീസും പരസ്യപ്പെടുത്തേണ്ടതാകുന്നു. നോട്ടീസിൽ വീഴ്ചക്കാരന്റെ പേര്, ഭൂമിയിൽനിന്ന് ഈടാകാനുള്ള പൊതുനികുതി കുടിശ്ശികതുക, അതിന്മേലുള്ള പലിശ, അങ്ങനെയുള്ള കുടിശ്ശിക കൊടുക്കേണ്ടതായിത്തീർന്ന തീയതി എന്നിവയും നിർണ്ണയിക്കപ്പെടാവുന്ന മറ്റുവിവരങ്ങളും പ്രത്യേകം പറയേണ്ടതും, അതിൽപ്പറയുന്ന തീയതിക്കുള്ളിൽ കുടിശ്ശികയും പലിശയും നടപടിച്ചെലവും കൊടുക്കാത്തപക്ഷം ബന്ധപ്പെട്ട സ്ഥാവരവസ്തു നിയമനടപടി യഥാവിധി നടത്തിക്കൊണ്ട് വിൽക്കുന്നതാണെന്ന് കാണിക്കേണ്ടതുമാണ്.

(2) ഏതൊരു സ്ഥാവരവസ്തുവിന്റെയും ജപ്തിക്ക് (1)-ാം ഉപവകുപ്പ് പ്രകാരം നോട്ടീസ് വസ്തുവിൽ പതിക്കുന്ന തീയതി മുതൽ പ്രാബല്യമുണ്ടാകുന്നതാണ്.

** ** ** **

44. വീഴ്ച്ക്കാരൻ ചെയുന്ന ചട്ടവട്ടങ്ങളുടെയും കൈമാറ്റങ്ങളുടെയും ഫലം.—(1) രേഖാമൂലമുള്ള ഡിമാന്റ് തന്റെമേൽ നടത്തിയശേഷം, വീഴ്ച്ക്കാരൻ ഏതെങ്കിലും സ്ഥാവരവസ്തുവിന്റെ കാര്യത്തിൽ ഏതെങ്കിലും ആളുമായി ചെയ്യുന്ന യാതൊരു ചട്ടവട്ടവും ഗവൺമെന്റിന് ബാധകമായിരിക്കുന്നതല്ല.

** ** ** **

(3) വീഴ്ചക്കാരന്റെ പക്കൽ നിന്നു ഏതെങ്കിലും ഭൂമി സംബന്ധിച്ച് കിട്ടുവാനുള്ള പൊതുനികുതി കുടിശ്ശികയായിത്തീർന്നതിനു ശേഷം, അയാൾ സ്ഥാവരവസ്തു അടുത്ത ബന്ധുവിനോ അല്ലെങ്കിൽ തീരെ അപര്യാപ്തമായ പ്രതിഫലത്തിനോ കൈമാറ്റം ചെയ്യുന്ന പക്ഷം വിപരീതം തെളിയിക്കുന്നതുവരെ, അങ്ങനെയുള്ള കൈമാറ്റം, അങ്ങനെയുള്ള കുടിശ്ശിക വസൂലാക്കുന്നത് പരാജയപ്പെടുത്തുവാനോ താമസിപ്പിക്കുവാനോ ഉദ്ദേശിച്ചുകൊണ്ടു ചെയ്തതാണെന്ന് അനുമാനിക്കേണ്ടതും, തക്ക അധികാരമുള്ള ഒരു കോടതിയുടെ ഉത്തരവിനു വിധേയമായി കളക്ടർക്കോ, അധികൃത ഉദ്യോഗസ്ഥനോ അപ്രകാരം കൈമാറ്റം ചെയ്യപ്പെട്ട ഭൂമി അങ്ങനെയുള്ള കൈമാറ്റം നടന്നിട്ടില്ലാതിരുന്നാലെന്നപോലെ ജപ്തി ചെയ്തു വിറ്റ് അങ്ങനെയുള്ള കുടിശ്ശിക വസൂലാക്കാൻ നടപടി എടുക്കാവുന്നതുമാണ്:

എന്നാൽ, അങ്ങനെയുള്ള വസ്തുജപ്തി ചെയ്യുവാൻ നടപടിയെടുക്കുന്നതിന് മുമ്പ് കളക്ടറോ അല്ലെങ്കിൽ അധികൃത ഉദ്യോഗസ്ഥനോ -

(i) വീഴ്ചക്കാരന് പറയാനുള്ളത് പറയുവാൻ ഒരവസരം കൊടുക്കുകയും;

(ii) അതിന് തനിക്കുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തുകയും ചെയ്യണം.

വിശദീകരണം:-ഈ വകുപ്പിന്റെ ആവശ്യാർത്ഥം "അടുത്ത ബന്ധു" എന്നതിൽ കൈമാറ്റം ചെയ്യുന്ന ആളുടെ ഭർത്താവ്, ഭാര്യ, അച്ഛൻ, അമ്മ, സഹോദരൻ, സഹോദരി, മകൻ, മകൾ, പിറക്കാത്ത മകൻ, പിറക്കാത്ത മകൾ, അമ്മാമൻ (അച്ഛന്റെ സഹോദരൻ), അമ്മായി (അച്ഛന്റെയോ അമ്മയുടേയോ സഹോദരി), മകളുടെ ഭർത്താവ്, മകന്റെ ഭാര്യ, അളിയൻ, അനന്തരവൻ അല്ലെങ്കിൽ അനന്തരവൾ എന്നിവർ ഉൾപ്പെടുന്നതാകുന്നു.

** ** ** **

49. <u>സ്ഥാവരവസ്തു വിൽക്കുന്നതു സംബന്ധിച്ച നടപടിക്രമം</u>.— ഈ ആക്റ്റ് പ്രകാരം ജപ്തി ചെയ്യുന്ന സ്ഥാവരവസ്തു താഴെ പറയുന്ന വ്യവസ്ഥകളനുസരിച്ച് വിൽക്കാവുന്നതാണ്, അതായതു - (1) പൊതു ലേലത്തിൽ ഏറ്റവും കൂടിയ തുകയ്ക്കു ലേലം കൊള്ളുന്നയാൾക്ക് വിൽക്കേണ്ടതാകുന്നു. വില്പന സംബന്ധിച്ച സമയവും സ്ഥലവും വസ്തു സ്ഥിതിചെയ്യുന്ന വില്ലേജിൽ അധികാരമുള്ള കളക്ടറോ അധികൃത ഉദ്യോസ്ഥനോ നിശ്ചയിക്കേണ്ടതാണ്.

(2) അതതു സംഗതിപോലെ കളക്ടറോ അധികൃത ഉദ്യോഗസ്ഥനോ വില്പനയ്ക്കു മുമ്പ് അതു സംബന്ധിച്ച നോട്ടീസ് ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലത്തെ ഭാഷ മലയാളമല്ലെങ്കിൽ ആ സ്ഥലത്തെ ഭാഷയിലും പുറപ്പെടുവിക്കുകയും അതിൽ -

(i) വീഴ്ചക്കാരന്റെ പേരും;

(ii) ഭൂമിയുടെയും അതിൽ അയാൾക്കുള്ള കെട്ടിടങ്ങളുടെയും അയാൾ ചെയ്തിട്ടുള്ളതായി അറിയപ്പെടുന്ന മറ്റു ദേഹണ്ഡങ്ങളുടേയും സ്ഥാനവും വിസ്തീർണ്ണവും;

(iii) ആ ഭൂമിയിലോ അതിന്റെ വിവിധ ഭാഗങ്ങളിന്മേലോ ചുമത്തിയിട്ടുള്ള നികുതിയുടെ തുകയും;

(iv) ഏതു തുക വസൂലാക്കുന്നതിനു വേണ്ടിയാണോ വില്പന നടത്താൻ ഉത്തരവ് പുറപ്പെടുവിച്ചത് ആ തുകയും;

(v) നടപ്പു സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള കാലത്തു കൊടുക്കേണ്ട പൊതു നികുതിയുടെ അനുപാതവും;

(vi) വില്പന സംബന്ധിച്ച സമയവും സ്ഥലവും നിശ്ചയങ്ങളും പ്രത്യേകം കാണിക്കുകയും ചെയ്യേണ്ടതാകുന്നു. നോട്ടീസ്, വില്പനത്തീയതിക്കു മുപ്പതു ദിവസം മുമ്പെങ്കിലും യഥാവിധി നടത്തുകയും പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

50. ഗവൺമെന്റിനു വേണ്ടി ലേലം വിളിക്കൽ.— (1) ഭൂമിയിൽ നിന്ന് ഈടാകേണ്ട പൊതു നികുതിക്കുടിശ്ശിക വസൂലാക്കുന്നതിനായി ഒരു സ്ഥാവരവസ്തു 49-ാം വകുപ്പ് (2)-ാം ഖണ്ഡപ്രകാരം നോട്ടീസിൽ പ്രത്യേകം പറഞ്ഞ പ്രകാരമുള്ള സമയത്തും സ്ഥലത്തുവച്ചും വിൽപ്പനയ്ക്കു വയ്ക്കുമ്പോൾ ആരും ലേലം വിളി കേൾക്കാതിരിക്കുകയോ അല്ലെങ്കിൽ ഏറ്റവും കൂടുതലായി വിളിക്കുന്ന തുക മേൽപ്പറഞ്ഞ കുടിശ്ശികയ്ക്കും പിന്നീടു വിൽപ്പനത്തീയതി വരെ ഉണ്ടാകുന്ന കുടിശ്ശികയ്ക്കും പലിശയ്ക്കും നടപടിച്ചെലവിനും മതിയാകാതെ വരികയോ ചെയ്യുന്നതായാൽ, വില്പന നടത്തുന്ന ഉദ്യോഗസ്ഥൻ വില്പന മറ്റൊരു തീയതിക്ക് - ആ തീയതി ആദ്യത്തെ വില്പനത്തീയതി മുതൽ അറുപതു ദിവസത്തിനപ്പുറമായിരിക്കരുത് - നീട്ടിവയ്ക്കേണ്ടതും, പിന്നീടുള്ള വില്പന സംബന്ധിച്ച് 49-ാം വകുപ്പ് (4)-ാം ഖണ്ഡത്തിൽ ആവശ്യപ്പെടുന്ന പ്രകാരം നോട്ടീസ് നൽകേണ്ടതുമാണ്.

(2) വസ്തു (1)-ാം ഉപവകുപ്പ് പ്രകാരം നീട്ടിവച്ച തീയതിയിൽ നോട്ടീസിൽ പ്രത്യേകം പറഞ്ഞ സമയത്തും സ്ഥലത്തുവച്ചും വിൽക്കുമ്പോൾ,

(i) ആരും ലേലംവിളി കേൾക്കുന്നില്ലെങ്കിൽ, വില്പന നടത്തുന്ന ഉദ്യോഗസ്ഥന് ഗവൺമെന്റിനു വേണ്ടി ആ വസ്തു പത്തു പൈസയ്ക്കു വാങ്ങാവുന്നതും,

(ii) ഏറ്റവും കൂടുതലായി വിളിക്കുന്ന ലേലത്തുക (1)- ാം ഉപവകുപ്പിൽ പറഞ്ഞ കുടിശ്ശികയും വില്പനത്തീയതിവരെ ഉണ്ടാകുന്ന കുടിശ്ശികയും പലിശയും നടപടിച്ചെലവും കൊടുപ്പാൻ മതിയാകാതെ വരികയാണെങ്കിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥന് ഗവൺമെന്റിനുവേണ്ടി, അങ്ങനെയുള്ള ലേലത്തുകയേക്കാൾ പത്ത് പൈസ കൂടുതാലായ തുകയ്ക്കു ലേലം വിളിക്കാവുന്നതും, രണ്ടിലേതൊരു സംഗതിയിലും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗവൺമെന്റ് വസ്തു വിലയ്ക്കെടുക്കേണ്ടതുമാണ്.

(3) 49-ാം വകുപ്പ് (3)-ാം ഖണ്ഡത്തിലെയും, 84-ാം വകുപ്പിലേയും വ്യവസ്ഥകൾ ഗവൺമെന്റിന് വേണ്ടി, ഈ വകുപ്പ് പ്രകാരം സ്ഥാവരവസ്തു വാങ്ങുന്ന സംഗതികളിൽ ബാധകമാകുന്നതല്ല.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഗവൺമെന്റിന് വേണ്ടി വാങ്ങിയിട്ടുള്ള വീഴ്ചക്കാരന്റെ എല്ലാ അവകാശവും ഉടമസ്ഥാവകാശവും അവകാശബന്ധവും, വില്പന സ്ഥിരപ്പെടുത്തിയ ശേഷം ക്രയത്തീയതി മുതൽ ഗവൺമെന്റിൽ നിക്ഷിപ്തമായി ട്ടുള്ളതായി കരുതേണ്ടതും, വീഴ്ചക്കാരൻ വാസ്തവത്തിൽ വസ്തു കൈവശം വച്ചിരിക്കുകയോ, അല്ലെങ്കിൽ കൈവശം വയ്ക്കാൻ അയാൾക്കവകാശമുണ്ടായിരിക്കുകയോ ചെയ്യുന്നതായാൽ കളക്ടറോ, അധികൃത ഉദ്യോഗസ്ഥനോ വിൽപ്പന സ്ഥിരപ്പെടുത്തിയ ഉടൻതന്നെ വസ്തു കൈവശപ്പെടുത്തേണ്ടതുമാകുന്നു. കൈവശപ്പെടുത്തുന്നതിൽ കളക്ടറേയോ, അധികൃത ഉദ്യോഗസ്ഥനെയോ എതിർക്കുകയോ, തടസ്സപ്പെടുത്തുകയോ ചെയ്യുന്നതായാൽ അദ്ദേഹം ഒരു മജിസ്ട്രേറ്റാണെങ്കിൽ, ഭൂമി തനിക്ക് വിട്ടു തരുവിക്കേണ്ടതും, മജിസ്ട്രേറ്റല്ലെങ്കിൽ മജിസ്ട്രേറ്റിന്റെ അടുക്കൽ അപേക്ഷ ബോധിപ്പിക്കേണ്ടതും, അങ്ങനെയുള്ള മജിസ്ട്രേറ്റ് അതതു സംഗതിപോലെ കളക്ടർക്കോ അധികൃത ഉദ്യോഗസ്ഥനോ ഭൂമി വിട്ടുകൊടുപ്പിക്കേണ്ടതുമാകുന്നു.

** ** ** **

54. <u>വില്പന സ്ഥിരപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്തുകൊണ്ടുള്ള ഉത്തരവ്</u>.— വില്പന നടന്ന തീയതി മുതൽ മുപ്പതു ദിവസം കഴിഞ്ഞതിനുശേഷം, 52-ാം വകുപ്പ് പ്രകാരമോ, 53-ാം വകുപ്പ് പ്രകാരമോ വില്പന അസ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരു അപേക്ഷയും ബോധിപ്പിച്ചിട്ടില്ലെങ്കിലോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ ബോധിപ്പിക്കുകയും, അതു തള്ളിക്കളയുകയും ചെയ്തിട്ടുണ്ടെങ്കിലോ കളക്ടർ വില്പന സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരുപേക്ഷയും ബോധിപ്പിച്ചിട്ടില്ലാതിരുന്നാൽ കൂടിയൊ അല്ലെങ്കിൽ ബോധിപ്പിക്കുകയും തള്ളിക്കളയുകയും ചെയ്തിട്ടുള്ള ഏതെങ്കിലും അപേക്ഷയിൽ പറഞ്ഞിട്ടുള്ളവയല്ലാത്ത കാരണങ്ങളിന്മേലോ വില്പന അസ്ഥിരപ്പെടുത്തേണ്ട താണെന്ന് കരുതാൻ കളക്ടർക്ക് കാരണമുണ്ടായിരിക്കുന്നപക്ഷം അദ്ദേഹത്തിന് തനിക്കുള്ള കാരണങ്ങൾ എഴുതി രേഖപ്പെടുത്തിയശേഷം, വില്പന അസ്ഥിരപ്പെടുത്താവുന്നതാണ്.

** ** ** **

57.<u>അങ്ങനെയുള്ള ക്രേതാവിന്റെ പേരും ഉടമാവകാശവും പ്രസിദ്ധപ്പെടുത്തണമെന്ന്</u>.—(1) 56 - ാം വകുപ്പ് (1) - ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് കളക്ടറോ അല്ലെങ്കിൽ അധികൃത ഉദ്യോഗസ്ഥനോ ക്രേതാവിന്റെ പേരും ക്രയത്തീയതിയും

അങ്ങനെയുള്ള ക്രേതാവിന് പ്രസ്തുത സ്ഥാവരവസ്തു മുമ്പ് കൈവശം വച്ചിരുന്ന ആൾക്കുണ്ടായിരുന്ന എല്ലാ അവകാശങ്ങളും സംബന്ധിച്ചുണ്ടാകുന്ന നിയമാനുസൃതമായ പിൻതുടർച്ചാവാകാശത്തെപ്പറ്റി ചെയ്യുന്ന പ്രഖ്യാപനം സഹിതം പ്രസിദ്ധപ്പെടുത്തിക്കേണ്ടതാണ്.

(2) ക്രേതാവ് ഭൂമി കൈവശം നൽകണമെന്ന് ആവശ്യപ്പെടുന്ന സംഗതിയിൽ, 1908-ലെ ഇന്ത്യൻ രജിസ്ട്രേഷൻ ആക്റ്റ് (1908-ലെ 16-ാം കേന്ദ്ര ആക്റ്റ്) പ്രകാരം വില്പന സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധിക്കേണ്ടതാകുന്നു.

** ** ** **

69. <u>ഭൂമിയിൽ നിന്ന് ഈടാകാനുള്ള പൊതു നികുതി, വീഴ്ച്ക്കാരനോ ജാമ്യക്കാരനോ ജില്ലയ്ക്ക് വെളിയിൽ താമസിക്കുമ്പോൾ വസൂലാക്കുകയും, ഭൂമിയിൽ നിന്ന് ഈടാകാനുള്ള പൊതുനികുതിയല്ലാത്ത വിഹിതങ്ങൾ വസൂലാക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം</u>.—(1) ഭൂമിയിൽ നിന്ന് ഈടാകാനുള്ള പൊതു നികുതി, കുടിശ്ശികയായിരിക്കുകയും, ഏതു ജില്ലയിലാണോ വീഴ്ച വരുത്തിയത് ആ ജില്ലയ്ക്കു വെളിയിൽ വീഴ്ചക്കാരനോ ആയാളുടെ ജാമ്യക്കാരനോ താമസിക്കുകയോ വസ്തു കൈവശം വയ്ക്കുകയോ ചെയ്യുന്നതായാൽ കുടിശ്ശിക ഉണ്ടായത് ഏത് ജില്ലയിലാണോ ആ ജില്ലയിലെ കള്ക്ടർ, ഡിമാന്റ് തുകയും വീഴ്ചക്കാരന്റെ പേരും കുടിശ്ശികക്കാരനേയോ അയാളുടെ ജാമ്യക്കാരനേയോ അല്ലെങ്കിൽ രണ്ടുപേരേയുമോ തിരിച്ചറിയുന്നതിനു ആവശ്യമായേക്കാവുന്ന മറ്റു വിവരങ്ങളും കാണിച്ചുകൊണ്ട് നിർണ്ണിതഫാറത്തിലുള്ള ഒരു സർട്ടിഫിക്കറ്റിൽ ഒപ്പ് വയ്ക്കുകയും, ആ സർട്ടിഫിക്കറ്റ്, വീഴ്ചക്കാരനോ, അയാളുടെ ജാമ്യക്കാരനോ താമസിക്കുകയോ വസ്തു കൈവശം വയ്ക്കുകയോ ചെയ്യുന്നത് ഏത് ജില്ലയിലാണോ ആ ജില്ലയിലെ കളക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

(2) ഭൂമിയിൽ നിന്നു ഈടാകാനുള്ള പൊതുനികുതിയല്ലാത്തതും ഈ ആക്റ്റ് പ്രകാരം വസൂലാക്കാവുന്നതുമായ ഏതെങ്കിലും തുക ഈടാകാനുള്ളപ്പോൾ അത് ഈടാക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ, ഏത് ജില്ലയിലാണോ വീഴ്ച്ക്കാരനോ അയാളുടെ ജാമ്യക്കാരനോ താമസിക്കുകയോ വസ്തു കൈവശം വയ്ക്കുകയോ ചെയ്യുന്നത്, ആ ജില്ലയിലെ കളക്ടർക്ക് നിർണ്ണിത ഫോറത്തിൽ താൻ യഥാവിധി സത്യബോധപ്പെടുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ രേഖാമൂലമുള്ള ഒരർത്ഥന അയയ്ക്കാവുന്നതാണ്.

** ** ** **

(74) നോട്ടീസ് നടത്തൽ.—ഈ ആക്റ്റുപ്രകാരം ഏതെങ്കിലും നോട്ടീസോ, ഡിമാന്റോ, ഉത്തരവോ നടത്തേണ്ടതായിട്ടുള്ള പക്ഷം അപ്രകാരം നടത്തുന്നത്, —

(എ) അങ്ങനെയുള്ള നോട്ടീസിന്റെയോ, ഡിമാന്റിന്റെയോ, ഉത്തരവിന്റെയോ ഒരു പ്രതി ബന്ധപ്പെട്ട വ്യക്തിക്ക് ഏല്പിച്ചുകൊടുത്തുകൊണ്ടോ അല്ലെങ്കിൽ അപ്രകാരം ഏല്പിച്ചു കൊടുപ്പാൻ സാധ്യമല്ലാത്ത പക്ഷം അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയായ പുരുഷന് ഏല്പിച്ചു കൊടുത്തുകൊണ്ടോ അല്ലെങ്കിൽ ഇതും സാധ്യമല്ലാത്തപക്ഷം നോട്ടീസിന്റെയോ, ഡിമാന്റിന്റെയോ, ഉത്തരവിന്റെയോ ഒരു പ്രതി അയാളുടെ സാധാരണ വാസസ്ഥലത്തിന്റെ പുറത്തേ വാതിലിൽ പതിച്ചുകൊണ്ടോ, അല്ലെങ്കിൽ,

(ബി) രജിസ്റ്റർ തപാൽമൂലമോ ആയിരിക്കേണ്ടതാകുന്നു.

83. ലാൻഡ് റവന്യൂ കമ്മീഷണറിനും ഗവൺമെന്റിനും റിവിഷനുള്ള അധികാരം.— (1) ലാൻഡ് റവന്യൂ കമ്മീഷണറിനു, സ്വമേധയായോ അല്ലെങ്കിൽ അവകാശബന്ധമുള്ള ഏതെങ്കിലും ആളുടെ അപേക്ഷയിന്മേലോ, ഈ ആക്റ്റ്പ്രകാരം കളക്ടറോ അധികൃത ഉദ്യോഗസ്ഥനോ എടുത്ത ഏതൊരു നടപടിയും ആവശ്യപ്പെട്ടു വരുത്താവുന്നതും അതിനു യുക്തമെന്ന് തോന്നാവുന്ന അന്വേഷണ വിചാരണ നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി അതിനു യുക്തമെന്നു തോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

** ** ** **

എന്നാൽ, അതതുസംഗതിപോലെ ലാൻഡ് റവന്യൂ കമ്മീഷണറിനോ ഗവൺമെന്റിനോ ആ കാലാവധിക്കുള്ളിൽ അപേക്ഷ ബോധിപ്പിക്കുന്നതിൽ നിന്നു മതിയായ കാരണംമൂലം അപേക്ഷകൻ തടയപ്പെട്ടിരുന്നുവെന്ന് അതിനോ അവർക്കോ ബോധ്യമാകുന്ന പക്ഷം, ആ കാലാവധിക്കുശേഷം ബോധിപ്പിക്കുന്ന അപേക്ഷയും സ്വീകരിക്കാവുന്നതാണ്.

** ** ** **

---